"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്-2015- 16 - തൃത്താല നിയോജക മണ്ഡലം - പട്ടിത്തറ ഗ്രാമ പഞ്ചായത്ത് -വെയ്സൈഡ് പാർക്ക് നിർമ്മാണം - ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.388/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 04.03.2016-ലെ സ. ഉ. (സാധാ) നം.1611/2016/തസ്വഭവ.

2 03.03.2017-ലെ സ. ഉ. (സാധാ) നം.974/2017/തസ്വഭവ.

3 04.11.2020-ലെ സ. ഉ. (സാധാ) നം.6283/2020/ധന.

**<u>ഉത്തരവ്</u>**

തൃത്താല നിയോജകമണ്ഡലം എം.എൽ.എ. ശ്രീ വി. ടി. ബൽറാം അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'Construction of Wayside park in Pattithara at Thrithala Constituency' എന്ന പ്രവൃത്തിക്ക് പരാമർശം 1 പ്രകാരം 3 0 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആദ്യ ഉത്തരവിൽ കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത്. തുടർന്ന് പരാമർശം 2 പ്രകാരം നിർവ്വഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനു കൈമാറി.

നിർവ്വഹണ ഏജൻസിയിൽ മാറ്റം വന്നതിനാലും മേൽ പ്രവൃത്തിക്കു ജലവിഭവ വകുപ്പിൽ നിന്നും അനുവാദം ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാലും ഭരണാനുമതി കാലാവധി അവസാനിച്ച സാഹചര്യത്തിലും ഭരണാനുമതി പുതുക്കി നൽകണമെന്ന് ബഹു. എംഎൽഎ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് പരാമർശം 3 പ്രകാരം തൃത്താല നിയോജകമണ്ഡലത്തിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ വെയ്സൈഡ് പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനു പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു. തൃത്താല എംഎൽഎ ശ്രീ വി ടി ബൽറാം അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ വിനിയോഗിച്ച് തൃത്താല നിയോജകമണ്ഡലത്തിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ വെയ്സൈഡ് പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ശ്രീ വി. ടി. ബൽറാം എം.എൽ.എ. (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ,

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടിവ്ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.12 11:55:57 IST
Reason: Approved
സെക്ഷൻ ഓഫീസർ